## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3077** — **20.06.2014 -ൽ മറുപടി നൽകേണ്ടത്**

### ടാറ്റാ കൺസൾട്ടൻസി വഴി ജനന-മരണ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) നഗരസഭകളിലെ ജനന-മരണ രജിസ്ട്രേഷനും, സർട്ടിഫിക്കറ്റ് നൽകലും ടാറ്റാ കൺസൾട്ടൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) ഇല്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനായ കെ. എസ്. യു. ഡി. പി എംപവേർഡ് കമ്മിറ്റി, മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06-10-2009-ൽ ചേർന്ന യോഗത്തിൽ കൊച്ചി കോർപ്പറേഷൻ ആവശ്യപ്പെട്ട പ്രകാരം ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയായി M/s. വിപ്രോയ്ക്ക് വർക്ക് അവാർഡ് ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി. M/s. വിപ്രോ തയ്യാറാക്കിയ RFP അനുസരിച്ച്, ടെണ്ടർ നടപടികളിലൂടെയാണ് ടാറ്റാ കൺസൾട്ടൻസിയെ തിരഞ്ഞെടുത്തത്. |
| (ബി) നിലവിൽ നഗരസഭകളിൽ ഈ സേവനം ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക സഹായവും സോഫ്റ്റ്‌വെയറും നൽകുന്ന സ്ഥാപനമേതാണ് എന്നറിയിക്കുമോ ; | (ബി) നിലവിൽ ഇൻഫർമേഷൻ കേരളാ മിഷൻ ആണ് ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച് സാങ്കേതിക സഹായവും സോഫ്റ്റ് വെയറും നൽകുന്നത്. |
| (സി) ഇപ്പോൾ ലഭിക്കുന്ന സേവനത്തിന്റെ പോരായ്മകൾ എന്തൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; | പോരായ്മകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ടാറ്റാ കൺസൾട്ടൻസിയെ ഏൽപ്പിക്കുന്നതിലൂടെയുള്ള മെച്ചങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | ഐ. കെ. എം വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ കൊച്ചി ഉൾപ്പെടെയുള്ള നഗരങ്ങളിൽ വിജയകരമായി |

പ്രവർത്തിച്ചുവരുന്നുണ്ട്. ടാറ്റാ കൺസൾട്ടൻസി വികസിപ്പിച്ചെടുക്കുന്ന സോഫ്റ്റ്‌വെയറിന്റെ മേന്മ എന്താണെന്ന് പ്രവർത്തനം ആരംഭിച്ച ശേഷമേ അറിയുവാൻ കഴിയുകയുള്ളൂ.

(ഇ) ഇതു സംബന്ധിച്ച് ടാറ്റാ കൺസൾട്ടൻസിയുമായി സർക്കാരോ, നഗരസഭകളോ ഏതെങ്കിലും തരത്തിലുള്ള എം. ഒ. യു ഒപ്പിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) എം. ഒ. യു ഒപ്പിട്ടിട്ടില്ല. ഇ-ഗവേണൻസ് പദ്ധതിയുടെ നടത്തിപ്പിനായി കൊച്ചി നഗരസഭ ടി. സി. എസുമായി ഒരു മാസ്റ്റർ സർവ്വീസ് എഗ്രിമെന്റ് 28-02-2011-ന് ഒപ്പു വച്ചിട്ടുണ്ട്.

(എഫ്) ഇത് സംബന്ധിച്ച ചർച്ചകളിൽ നഗരസഭാ കൗൺസിലുകളേയോ പ്രതിനിധികളെയോ പങ്കാളിയാക്കിയിരുന്നോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(എഫ്) ഇത് കൊച്ചി നഗരസഭ നേരിട്ട് നടപ്പാക്കുന്ന പദ്ധതിയാണ്.

(ജി) പ്രസ്തുത പണികൾ ടി സി. എസ് നെ ഏല്പിക്കുന്നതിലൂടെ നഗരസഭകളിൽ അധികമാകുന്ന ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ജി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ജീവനക്കാർ അധികമാകുന്നില്ല.

(എച്ച്) ടാറ്റാ കൺസൾട്ടൻസി നൽകുന്ന സേവനത്തിന് ഗുണഭോക്താക്കൾ നൽകേണ്ട ഫീസ് എപ്രകാരമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(എച്ച്) ടാറ്റാ കൺസൾട്ടൻസി സോഫ്റ്റ്‌വെയർ ഡവലപ്പ്മെന്റ് മാത്രമാണ് ചെയ്യുന്നത്. ഗുണഭോക്താക്കൾ ഫീസ് നൽകുന്നതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

Rajeev

സെക്ഷൻ ഓഫീസർ